**രജിസ്റ്റേർഡ് (എഡി സഹിതം)**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035**
**ഫോൺ. 0471-2302490, 2303025**
**ഇ മെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ് : www.dhs.kerala.gov.in**

**DHS/323/2026-EA4** **തീയതി. 04-02-2026**

## കാരണം കാണിക്കൽ നോട്ടീസ്

ഡോ. രഞ്ജിനി ജോൺസൺ (Dr Renjini Johnson) എന്ന താങ്കൾ കോട്ടയം, കൂട്ടിക്കൽ സാമൂഹികാരോഗ്യകേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്തു വരവെ 05.11.2022 തീയതി മുതൽ 04.11.2025 വരെ പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു. 30.12.2025 തീയതി രേഖപ്പെടുത്തി പരാമർശം (1) പ്രകാരം സർവീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള ഉത്തരവ് നൽകുന്നതിനായി അപേക്ഷ താങ്കൾ സമർപ്പിച്ചിട്ടുണ്ട് .താങ്കൾ സമർപ്പിച്ച അപേക്ഷയിൽ 10.11.2025 മുതൽ 22.11.2025 വരെ പരീക്ഷക്ക് പങ്കെടുത്തതായി പരാമർശിച്ചിട്ടുണ്ട് .താങ്കളുടെ പരീക്ഷകൾ 22/11/2025-നു അവസാനിച്ചു എങ്കിലും , അതിനു ശേഷം ഒരു മാസം കൂടി കഴിഞ്ഞതിനു ശേഷമാണ് തിരികെ പ്രവേശിക്കുന്നതിനുള്ള അപേക്ഷ താങ്കൾ സമർപ്പിച്ചിരിക്കുന്നത് .ആയതിനാൽ താങ്കൾ അനധികൃതമായി സർവീസിൽ നിന്നും വിട്ടുനിന്നതായി കാണുന്നു .

17.01.2014 FN തീയതി സേവനത്തിൽ പ്രവേശിച്ച താങ്കൾ നാളിതുവരെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല . അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയുകയില്ല. ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ്

സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

( 2 ) ടി തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് 15 (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Digitally signed by Reena K J
Date: 04-02-2026 15:04:06

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Renjini Johnson,**

**Parasseril(H),**

**House No: 127/E**

**Perfect Villas,Thattuparambu**

**Pezhakkappilly (PO),**

**Muvattupuzha**

**Ernakulam- 686673.** (രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കോട്ടയം.

3. മെഡിക്കൽ ഓഫീസർ ഇൻചാർജ്,
കൂട്ടിക്കൽ സാമൂഹികാരോഗ്യകേന്ദ്രം,കോട്ടയം. .

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ